
# കൊയ്നോനിയ

ഡിസംബർ 2017

ചെറുവെട്ടുകാട് ഇടവക വാർത്ത ബുള്ളറ്റിൻ

Private circulation only I Book No. 5


# പരിശുദ്ധ അമ്മ ഇടവകയിലെ ഭവനങ്ങളിലൂടെ തീർത്ഥാടനം ചെയ്യുന്നു...



ഇടവകയിലെ എല്ലാ കുടുംബങ്ങളിലും പരിശുദ്ധ അമ്മയുടെ അനുഗ്രഹം നിറയാനായി ഒരു കുടുംബത്തിൽ 3 ദിവസം എന്ന ക്രമത്തിൽ പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം വണക്കത്തിനായി നവംബർ 1 മുതൽ ഒരു വർഷത്തേയ്ക്ക് ഇടവകയിലെ ഭവനങ്ങളിലേയ്ക്ക് തീർത്ഥാടനം നടത്തുന്നു ഒരു ഭവനത്തിൽ നിന്ന് അടുത്ത ഭവനത്തിലേയ്ക്ക് മാറ്റുമ്പോൾ ഇടവക വികാരിയോടൊപ്പം യൂണിറ്റ് അംഗങ്ങളും പങ്കെടുത്തുവരുന്നു.

## ഓഖി ദുരന്തം-രാജ്ഭവൻ മാർച്ച്



ഓഖി ദുരന്തത്തിൽ കാണാതായ മത്സ്യത്തൊഴിലാളികളെ എത്രയും വേഗം കണ്ടുപിടിക്കണമെന്നും നഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള പാക്കേജ് ഉടൻ നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ടു തിരുവനന്തപുരം ലത്തീൻ അതിരൂപത ഡിസംബർ പതിനൊന്നിന് രാജ്ഭവനിലേയ്ക് നടത്തിയ മാർച്ചിൽ ഇടവക അംഗങ്ങൾ ഇടവക വികാരിയോടൊപ്പം പങ്കെടുത്തു .

## പ്രദക്ഷിണത്തിന് സ്വീകരണം നൽകി.



വെട്ടുകാട് ക്രിസ്തുരാജന്റെ തിരുന്നാളിനോടനുബന്ധിച്ചു നടന്ന പ്രദക്ഷിണത്തിന് ഇടവകയിൽ ഭക്തിനിർഭരമായ സ്വീകരണം നൽകി. ഇടവക വികാരിയോടൊപ്പം കൗൺസിൽ അംഗങ്ങളും ഇടവക ജനങ്ങളും വെള്ള വസ്ത്രങ്ങൾ അണിഞ്ഞു മെഴുകുതിരിയും കത്തിച്ചു പിടിച്ചുകൊണ്ടു രാജാധിരാജ നായ ക്രിസ്തുരാജനെ സ്വീകരിച്ചു .

## എഡിറ്റോറിയൽ

വിണ്ണിനെയും മണ്ണിനെയും ബന്ധിപ്പിക്കുന്ന മഴത്തുള്ളിപോലെയാണ് ക്രിസ്തുവിനെ ആഗമനം , മഴത്തുള്ളിയുടെ താഴേയ്ക്കുള്ള പ്രവാഹം ആകാശവിതാനങ്ങളെ തെളിഞ്ഞ വിണ്ണാക്കി മാറ്റുന്നു .ഭൂമിയിൽ പതിക്കുന്ന അവ ഹരിതവനങ്ങളെ ശോഭയുള്ളതാക്കി തീർക്കുന്നു. അതുപോലെ ദൈവത്തിന് മഹത്വം നൽകുന്നതും, രക്ഷകനെ കാത്തിരിക്കുന്നവർക്ക് സമാധാനം നല്കുന്നതുമായിരുന്നു ക്രിസ്തുവിന്റെ ജനനം .അതുകൊണ്ടായിരിക്കാം മാലാഖവൃന്ദങ്ങൾ ഇങ്ങനെ സ്തുതിഗീതികൾ ആലപിച്ചത് "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ സന്മനസുള്ളവർക്കു സമാധാനം.

ക്രിസ്തുവിന്റെ ജനനത്തോടൊപ്പം ലോകം ശ്രദ്ധിച്ചവരിൽ ഒരു കൂട്ടരാണ് രാജാക്കൻമാർ ലോകരക്ഷകൻ ജനിച്ചു എന്നറിഞ്ഞു അവർ ആരാധിക്കുവാനായി യേശുവിനെ അന്വേഷിച്ചിറങ്ങി . ആഗമനകാലം തുടങ്ങുന്നതുപോലും ഇങ്ങനെയാണെന്നു തോന്നുന്നു. ക്രിസ്തുവിനെ അന്വേഷിച്ചു ആദ്യം ചെല്ലുക കൊട്ടാരത്തിലേക്കാണ്. മനുഷ്യന്റെ പ്രത്യേകതയാണ് എന്തും അന്വേഷിച്ചു കണ്ടുപിടിക്കുക എന്നത്. അന്വേഷണങ്ങൾക്കിടയിൽ വഴിതെറ്റി കയറും പോലെ നാം നമ്മുടെ ആഘോഷങ്ങളിലേയ്ക് കടക്കുന്നു. അവസാനം ആഘോഷങ്ങൾക്കും ഒരുക്കങ്ങൾക്കും ഇടയിൽ ജ്ഞാനസ്നാനത്തിനു ള്ള കുട്ടിയെ എടുക്കാൻ മറന്നുപോയ മാതാ പിതാക്കളെ പോലെ ക്രിസ്തുമസിന്റെ കാതലായവനെ മറന്നുകൊണ്ട് "അത്യുന്നതങ്ങ ളിൽ ദൈവത്തിനു വെടിയും പുകയും ഭൂമിയിൽ മനുഷ്യർക്ക് തീന്നും കുടിയും" എന്ന് പാടുന്നു.

കൊട്ടാരത്തിൽ നിന്നിറങ്ങിയപ്പോൾ വീണ്ടും അവർ നക്ഷത്രം കണ്ടു നക്ഷത്രത്തിന്റെ പ്രകാശത്തിൽ സഞ്ചരിച്ചു തിരുകുടുംബത്തിന്റെ പക്കലെത്തി. ദൈവസുതനെ ആരാധിച്ചു. കൊട്ടാരത്തിനുള്ളിലെ സുഖലോലുപതയിൽ മുഴുകി പോകാതെ കാലിത്തൊഴുത്തിൽ ജനിച്ച ഉണ്ണിയെ നമ്മുക്ക് അന്വേഷിച്ചിറങ്ങാം. ആഘോഷങ്ങൾക്ക് പ്രാധാന്യം നൽകാതെ ആഘോഷങ്ങളുടെ കാതലായവന് പ്രാധാന്യം നൽകാം.... . അവന്റെ ആഗമന ഉദ്ദേശത്തിൽ നമ്മുക്ക് പങ്കാളികളാകാം . അപ്പോൾ അവൻ നമ്മുക്ക് അവന്റെ പക്കലെത്താനുള്ള വഴിതെളിച്ചുതരും

ദൈവത്തിന്റെ അനന്തമായ സ്നേഹത്താൽ ദൈവം മനുഷ്യനെ സൃഷ്ടിക്കുമ്പോൾ അവൻ പോലും ഓർത്തിരുന്നില്ല പിന്നീട് ഇതേ മനുഷ്യനെ ഓർത്തു അവനു പരിതപിക്കേണ്ടി വരുമെന്നു എന്നാൽ സൃഷ്ടിയോടുള്ള അനന്ത സ്നേഹത്താൽ അവൻ മനുഷ്യന്റെ രൂപം സ്വീകരിച്ചു . ഇനി ഒരിക്കൽക്കൂടി ദൈവം പരിതപിക്കാതിരിക്കട്ടെ ... .

സ്നേഹപൂർവ്വം
ദിലീപ് അച്ചൻ

## ഇടവക പൊതുയോഗം നടന്നു



ഡിസംബർ പത്തിന് ഞായർ രാവിലെ ദിവ്യബലിക്ക് ശേഷം ഇടവക പൊതുയോഗം ദേവാലയത്തിൽ വച്ച് നടത്തി. ഇടവക വികാരി ജോസ് ദിലീപ് അച്ചന്റെ അധ്യക്ഷ തയിൽ നടന്ന യോഗത്തിൽ ഇടവകയുടെ വളർച്ചയ്ക്കായുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്തു . നമ്മുക്ക് ഒരു പുതിയ ദേവാലയം വേണമെന്നുള്ള ആഗ്രഹപ്രകാരം അതിനു വേണ്ടുന്ന നടപടികൾ സ്വീകരിക്കുവാനും ഇതിനായി അഞ്ചു യൂണിറ്റുകൾക്കും പ്രാതി നിധ്യം നൽകിക്കൊണ്ടും കമ്മിറ്റി രൂപികരിച്ചു

## ഓഖി ദുരന്തം-ആഘോഷങ്ങൾ ഒഴിവാക്കി




ഓഖി ദുരന്തബാധിതർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഇടവകയിൽ നടത്താനിരുന്ന ക്രിസ്തുമസ് ആഘോഷ ങ്ങളുടെ ഭാഗമായുള്ള ക്രിസ്തുമസ് കരോൾ , "എസ്പെരൻസാ 2017 " എന്ന പേരിലുള്ള കലാപരിപാടികളും , കരോൾ ഗാനങ്ങളും , മതബോധന സമിതി നടത്താനിരുന്ന ക്രിസ്തുമസ് ഗെയിംസ് , "പ്രാതൽ 2017 " എന്ന പേരിലുള്ള ഫുഡ് ഫെസ്റ്റിവൽ എന്നിവ ഒഴിവാക്കി .

# കുട്ടികൾക്കായി എകദിന സെമിനാർ



ഇടവകയിലെ വിവിധ സമിതികളുടെ ആഭിമുഖ്യത്തിൽ ഡിസംബർ രണ്ടാം തിയതി ശനിയാഴ്ച കുട്ടികൾക്കായി ഒരു ഏകദിന സെമിനാർ നടത്തി. ഇടവക വികാരി ദിലീപ് അച്ചൻ കുട്ടികൾക്കായി ഹ്രസ്വ ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ആക്ഷൻ സോംഗ് പഠിപ്പിക്കുകയും ചെയ്തു. പാരിഷ് കൗൺസിൽ അംഗങ്ങളും മതബോധന അധ്യാപകരും സന്നിഹിതരായിരുന്നു .

# ഓഖി ദുരന്തബാദിതർക്ക് ഐക്യദാർഡ്യം



ഓഖി ദുരന്തബാദിതർക്ക് ഐക്യദാർഡ്യം പ്രഖ്യാപിച്ചുകൊണ്ട് ഇടവക വികാരി ജോസ് ദിലീപ് അച്ചനോടൊപ്പം പാരിഷ് കൗൺസിൽ അംഗങ്ങൾ റോഡ് ഉപരോധ ത്തിൽ പങ്കെടുത്തു.

# കെ എൽ സി എ സമുദായദിനം ആചരിച്ചു

ഡിസംബർ 3 ഞായർ രാവിലെ ദിവ്യബലിക്ക് ശേഷം ഇടവക വികാരി ദിലീപ് അച്ചൻ ലത്തീൻ സമുദായദിനാഘോഷത്തിന്റെ ഭാഗമായി സമുദായ പതാക ഉയർത്തി കെ എൽ സി എ ഭാരവാഹികളും അംഗങ്ങളും സന്നിഹിതരായിരുന്നു.

# ടി എസ് എസ് എസിന്റെ ആഭിമുഖ്യത്തിൽ ശിശുദിനാഘോഷം




വലിയതുറ ഫെറോനയിലെ ടി എസ് എസ് എസിന്റെ ആഭിമുഖ്യത്തിൽ നവംബർ 18 ശനിയാഴ്ച വലിയവേളി ഇടവകയിൽ വച്ച് ശിശുദിനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച റാലിയിലും ആഘോഷങ്ങളിലും ഇടവകയിലെ ചൈൽഡ് പാർലമെന്റിലെ കുട്ടികളും ടി എസ് എസ് എസ് ഭാരവാഹികളും പങ്കെടുത്തു .

# 24 നും 31 നും ലക്കി കൂപ്പൺ നറുക്കെടുപ്പ്




ഇടവകയുടെ വളർച്ചയ്ക്കും മംഗല്യ സഹായ നിധിയിലേയ്ക്കുമുള്ള ഫണ്ട് സ്വരൂപിക്കാനായി പുറത്തിറക്കിയ ലക്കി കൂപ്പണിന്റെ നറുക്കെടുപ്പ് ഇരുപത്തിനാലാം തിയതി രാത്രിയുള്ള ക്രിസ്തുമസ് ദിവ്യബലിക്ക് ശേഷം നടത്തുന്നതായിരിക്കും അൽത്താരബാലകർ നടത്തുന്ന ലക്കി കൂപ്പണിന്റെ നറുക്കെടുപ്പ് 31 ന് രാത്രിയുള്ള പുതുവർഷ ദിവ്യബലിയ്ക്ക് ശേഷം നടത്തുന്നതായിരിക്കും




ജോഷി തോമസ് 08/12/1992




അനീന സന്തോഷ് 30/12/2007




ഇസബെല്ല ജസ്റ്റിൻ 10/12/2015




എയ്ഞ്ചൽ. ജെ. പ്രേമൻ 22/12/2004


# KARATE CLASS & HEALTH CLUB





**SHIHAN.Y. PREMAKUMAR**
**Technical Director &**
**Examiner in India**
SHITO RYU - 6 th DAN BLACK BELT
ISKF - 4 th DAN BLACK BELT, JAPAN
6th DAN BLACK BELT, KAI

9847889479, 9847439135


## സെമിത്തേരിയിൽ നവംബർ 30 വരെ പ്രാർത്ഥന നടത്തി

ആത്മാക്കളുടെ തിരുന്നാൾ മുതൽ നവംബർ മുപ്പതു വരെ ചൊവ്വാഴ്ച കളൊഴികെ എല്ലാ ദിവസവും രാവിലെ ദിവ്യബലി കഴിഞ്ഞു ഇടവക വികാരി ദിലീപ് അച്ചന്റെ കാർമ്മികത്വത്തിൽ ആത്മാക്കൾക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി.

## ഉണ്ണീശോയ്ക്കൊരു സമ്മാനം

ഉണ്ണീശോയ്ക്കൊരു സമ്മാനം എന്ന പേരിൽ ഭവനങ്ങളിൽ നൽകിയിട്ടുള്ള റ്റിന്നുകൾ അവരവരുടെ നിക്ഷേപങ്ങൾ സഹിതം 24–ാം തിയതി രാത്രിയുള്ള ക്രിസ്തുമസ് ദിവ്യബലിയിൽ അവരവർ കാഴ്ചവയ്പ്പ് സമയത്ത് കാഴ്ചയായി നൽകണമെന്ന് അറിയിക്കുന്നു

Printed by: Parish Priest, St. Sebastian's Church, Cheruvettukad, Trivandrum-7 , Latin Archdiocese Of Trivandrum